# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2418.

07-10-2016 ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ നെൽകർഷകർക്ക് നൽകുന്ന സബ്സിഡി

**ചോദ്യം**
ശ്രീ.തോമസ് ചാണ്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട്ടിലെ നെൽകർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകുന്ന സബ്സിഡിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 525 ലക്ഷം രൂപ, ഗ്രൂപ്പ്ഫാമിംഗ് പാടശേഖര സമിതികൾക്ക് പ്രവർത്തന ചെലവിനായി 82.8 ലക്ഷം രൂപ, സോയിൽ ഹെൽത്ത് മാനേജ്മെന്റ് പദ്ധതിക്കായി 18 ലക്ഷം രൂപ, കുട്ടനാട് ഉൾപ്പെടെ ആലപ്പുഴ ജില്ലക്കായി സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം 225 ലക്ഷം രൂപ ഉൽപ്പാദന ബോണസ്സിനത്തിൽ 69.3 ലക്ഷം രൂപ എന്നിവ നൽകിവരുന്നു. ഇതിനുംപുറമെ വിള ഇൻഷുറൻസ് പദ്ധതി, ആത്മ ഡെമോൺസ്ട്രേഷൻ, ഫാം ഫീൽഡ് സ്കൂളുകൾ എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽപാടത്തിന്റെ വിസ്തൃതി 5 ഏക്കർ എന്ന് പരിമിതപ്പെടുത്താതെ, കർഷകർക്ക് സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ